## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 360 2/12/2014-ൽ മറുപടിക്ക്

# പെറ്റ് കോക്കിൽ നിന്ന് വൈദ്യുതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി.<br>,, ആർ. അബ്ദുള്ളക്കുട്ടി.<br>,, ആർ സെൽവരാജ്.<br>,,സി. പി. മുഹമ്മദ്. | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പെറ്റ് കോക്കിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇത് വഴി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) 500 മെഗാവാട്ട് ശേഷിയുള്ള ഒരു നിലയം സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൊച്ചി റിഫൈനറിയിൽ നടപ്പാക്കുന്ന വികസന പദ്ധതിയുടെ ഭാഗമായി ലഭ്യമാകുന്ന ഉപോൽപ്പന്നമായ 'പെറ്റ്കോക്ക് ' ഉപയോഗപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) പ്രസ്തുത നിലയത്തിനുള്ള സ്ഥലവും ധനസമാഹരണവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) കൊച്ചി ഏലൂരിൽ ഫാക്ടിന്റെ കൈവശമുള്ള 150 ഏക്കർ സ്ഥലമാണ് പ്രസ്തുത നിലയം തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലമായി കണ്ടെത്തിയിട്ടുള്ളത്. കെ.എസ്.ഇ.ബി-ക്ക് ആ സ്ഥലം കൈമാറുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഒരു ഉന്നതതല സമിതിയെ നിയമിച്ച് ഫാക്ടുമായി ചർച്ച നടത്തുകയുണ്ടായി. എന്നാൽ അന്തിമ തീരുമാനം കേന്ദ്ര ഫെർട്ടിലൈസർ & കെമിക്കൽസ് മന്ത്രാലയം എടുക്കേണ്ടതുള്ളതുകൊണ്ട് പ്രസ്തുത ആവശ്യമുന്നയിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കത്തു നൽകിയിട്ടുണ്ട്. മത്സരാധിഷ്ഠിത ടെൻഡർ വിളിച്ച് പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഒരു ഡെവലപ്പറെ തെരഞ്ഞെടുക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുകൊണ്ട് സർക്കാർ ധനം വിനിയോഗിക്കേണ്ടി വരുന്നില്ല. |

## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 361** **02.12.2014-ൽ മറുപടിയ്ക്ക്**

# ഗ്യാസ് ഇൻസുലേറ്റഡ് സ്വിച്ച് ഗീയാർ-ൻെറ നിർമ്മാണ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ജി. ഐ. എസ്സിൻെറ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ; | (എ)<br>(ബി)<br>&<br>(സി) | 1. കൊല്ലം ജി. ഐ. എസ്സ്. സബ്സ്റ്റേഷൻെറ നിർമ്മാണത്തിനുള്ള ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത പ്രവൃത്തിയുടെ കരാർ നൽകുന്നതിനായുള്ള അനുമതി ബോർഡിൻെറ പരിഗണനയിലുമാണ്. പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി തുക 43.69 കോടി രൂപയാണ്. ഇതിനായി 2 കോടി രൂപ 2014-15-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>2. കോഴിക്കോട് ജില്ലയിലെ ഗാന്ധി റോഡ് 110 കെ. വി. ജി. ഐ. എസ്സ്. സബ് സ്റ്റേഷൻെറ നിർമ്മാണ പ്രവൃത്തിയോടനുബന്ധിച്ച് നിർദ്ദിഷ്ട സബ്സ്റ്റേഷനിലേക്ക് വെസ്റ്റ് ഹിൽ 110 കെ. വി. സബ്സ്റ്റേഷനിൽ നിന്നും 110 കെ. വി. ലൈൻ ഇടുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. ജി. ഐ. എസ്സ്. സ്ഥാപിക്കുന്നതിനുള്ള വർക്ക് ഓർഡർ ALSTOM എന്ന കമ്പനിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചത് 38.40 കോടി രൂപയാണ്. 2014-15 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തപ്പോൾ കരാറുകാർ പങ്കെടുക്കാത്തതിനാൽ വീണ്ടും ടെണ്ടർ ചെയ്യേണ്ടിവന്നതിനാലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള കാലതാമസം ഉണ്ടായത്. |
| (ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ ചെലവ് എത്രയെന്നറിയിക്കുമോ ; ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ ; | | |
| (സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച കാലതാമസം എന്താണെന്ന് വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ.**